**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 243** **07-10-2024 - ൽ മറുപടിയ്ക്ക്**

**സീനിയർ ഗ്രേഡ് ഒപ്റ്റോമെട്രിസ്റ്റ് തസ്തിക ഗസറ്റഡായി നിലനിർത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | 5-ാം ശമ്പളപരിഷ്കരണ കമ്മീഷന്റെ ഉത്തരവ് പ്രകാരം ഗസറ്റഡ് സ്കെയിൽ ആക്കിയിട്ടുള്ളതും എ.ജി വഴി പേ ഫിക്സ് ചെയ്തു വരികയും ചെയ്യുന്ന സീനിയർ ഗ്രേഡ് ഒഫ്ത്താൽമിക് അസിസ്റ്റന്റ്/ സീനിയർ ഗ്രേഡ് ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നോൺ-ഗസറ്റഡ് ആണെന്ന് അഡിഷണൽ ഡയറക്ടർ ഓഫ് ഹെൽത്ത് സർവീസസ്, എ.ജിയ്ക്ക് കത്തെഴുതിയിട്ടുള്ളതും ആയത് പ്രകാരം പുതിയതായി സ്ഥാനക്കയറ്റം ലഭിച്ച സീനിയർ ഗ്രേഡ് ഒപ്റ്റോമെട്രിസ്റ്റുകളുടെ എൻടൈറ്റിൽമെന്റ് രജിസ്റ്റർ എ.ജി തിരിച്ചയച്ചിട്ടുള്ള വിവരവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഏത് തീയതി മുതലാണ് സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തികയെ സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെടുത്തേണ്ടത്, ആയതിന് മുൻകാല പ്രാബല്യം ഉണ്ടോ എന്നത് സംബന്ധിച്ച് അക്കൗണ്ടന്റ് ജനറൽ സർക്കാരിനോട് സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും ഉത്തരവ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രൈബ്യൂണലിനെ സമീപിച്ച ജീവനക്കാരെ മാത്രം ഗസറ്റഡ് ഓഫീസർമാരായി പരിഗണിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഒ.എ.(ഇ.കെ.എം.) 1113/2024 കേസിൽ 23/08/2024 ൽ പുറപ്പെടുവിച്ചിട്ടുള്ള ഇടക്കാല ഉത്തരവ് അനുസരിച്ച് കേസിൽ കക്ഷി ചേർന്നിട്ടുള്ള 6 സീനിയർ ഒപ്റ്റോമെട്രിസ്റ്റുമാർക്ക് കേസിലെ അന്തിമ ഉത്തരവിന് വിധേയമായി ഗസറ്റഡ് പോസ്റ്റിലേക്ക് താൽക്കാലികമായി ശമ്പള നിർണയം നൽകുന്നതിനും പേ സ്ലിപ്പ് നൽകുന്നതിനും നടപടികൾ സ്വീകരിക്കുന്നതിന് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ നിർദേശിച്ചിട്ടുണ്ട്. |
| (സി) | സീനിയർ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക നോൺ ഗസറ്റഡ് തസ്തിക ആക്കി മാറ്റിയ ഏതെങ്കിലും ഗവ. ഉത്തരവ്/നിർദ്ദേശം നിലവിലുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് II, ഒപ്റ്റോമെട്രിസ്റ്റ് ഗ്രേഡ് I, സീനിയർ ഒപ്റ്റോമെട്രിസ്റ്റ് എന്നീ തസ്തികകൾ 2:2:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടത്തുന്ന ഗ്രേഡ് പ്രൊമോഷൻ തസ്തികകളാണ്. ഈ തസ്തികകൾ സ്റ്റേറ്റ് സബോർഡിനേറ്റ് വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. 25/02/1997 തീയതിലെ സ.ഉ.(അച്ചടി) നം.290/97/ധന, പ്രകാരം 1993 ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ 2000-3200 എന്ന |

| | | | |
|---|---|---|---|
| | | | ശമ്പള സ്കെയിലിൽ തുടങ്ങുന്ന "സ്റ്റേറ്റ് സർവീസ്" വിഭാഗത്തിൽ ഉൾപ്പെടുന്ന തസ്തികകളാണ് ഗസറ്റഡ് തസ്തികയായി കണക്കാക്കിയിട്ടുള്ളത്.<br><br>ആരോഗ്യ വകുപ്പിൽ പാരാമെഡിക്കൽ വിഭാഗം തസ്തികകളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് 15/12/2022 ൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ആരോഗ്യ വകുപ്പിലെ മേൽ പ്രകാരമുള്ള വിവിധ ഗ്രേഡ് പ്രെമോഷൻ നടത്തുന്ന സബോർഡിനേറ്റ് സർവീസ് തസ്തികകളിൽ ഗസറ്റഡ് തസ്തികയുടെ ശമ്പള സ്കെയിൽ മാത്രം കണക്കിലെടുത്ത് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി നടപടികൾ ഇല്ലാതെ ഗസറ്റഡ് തസ്തികയായി പ്രൊമോഷൻ നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഒപ്റ്റോമെടിസ്റ്റ് തസ്തിക സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | സീനിയർ ഒപ്റ്റോമെടിസ്റ്റ് തസ്തിക ഗസറ്റഡായി പരിഗണിക്കുന്നതിന് ലോവർ ഡി.പി.സി കൂടുന്നതിനായി നിലവിലുള്ള സ്പെഷ്യൽ റൂൾ/ ജനറൽ എക്സിക്യൂട്ടീവ് ഓർഡർ ഭേദഗതി ചെയ്യുന്നതിന് സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുമോ; | (ഡി) | ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് II, ഒപ്റ്റോമെടിസ്റ്റ് ഗ്രേഡ് I, സീനിയർ ഒപ്റ്റോമെടിസ്റ്റ് എന്നീ തസ്തികകൾ 2:2:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടത്തുന്ന ഗ്രേഡ് പ്രൊമോഷൻ തസ്തികകളാണ്. ഈ തസ്തികകൾ സ്റ്റേറ്റ് സബോർഡിനേറ്റ് വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. 25/02/1997 തീയതിലെ സ.ഉ.(അച്ചടി) നം.290/97/ധന, പ്രകാരം 1993 ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ 2000-3200 എന്ന ശമ്പള സ്കെയിലിൽ തുടങ്ങുന്ന "സ്റ്റേറ്റ് സർവീസ്" വിഭാഗത്തിൽ ഉൾപ്പെടുന്ന തസ്തികകളാണ് ഗസറ്റഡ് തസ്തികയായി കണക്കാക്കിയിട്ടുള്ളത്.<br><br>ആരോഗ്യ വകുപ്പിൽ പാരാമെഡിക്കൽ വിഭാഗം തസ്തികകളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് 15/12/2022 ൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ആരോഗ്യ വകുപ്പിലെ മേൽ പ്രകാരമുള്ള വിവിധ ഗ്രേഡ് പ്രെമോഷൻ നടത്തുന്ന സബോർഡിനേറ്റ് സർവീസ് തസ്തികകളിൽ ഗസറ്റഡ് തസ്തികയുടെ ശമ്പള സ്കെയിൽ മാത്രം കണക്കിലെടുത്ത് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി നടപടികൾ ഇല്ലാതെ ഗസറ്റഡ് തസ്തികയായി പ്രൊമോഷൻ നടത്തി വരുന്നതായി |

| | | | |
|---|---|---|---|
| | | | ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഒപ്‌റ്റോമെട്രിസ്റ്റ് തസ്തിക സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഇ) | ഇത് സംബന്ധിച്ച് സർക്കാരിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സംഘടനകളുടേതാണെന്നു വ്യക്തമാക്കുമോ; | (ഇ) | ഉണ്ട്.<br><br>1)കേരള ഗവൺമെന്റ് ഒപ്‌റ്റോമെട്രിസ്റ്റ്സ് അസോസിയേഷൻ<br><br>2) കേരള ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ<br><br>3) കേരള ഗസറ്റഡ് ഓഫീസേഴ്സ് യൂണിയൻ |
| (എഫ്) | സീനിയർ ഒപ്‌റ്റോമെട്രിസ്റ്റ് തസ്തിക ഗസറ്റഡായി നിലനിർത്തുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ? | (എഫ്) | ഒപ്‌റ്റോമെട്രിസ്റ്റ് ഗ്രേഡ് II, ഒപ്‌റ്റോമെട്രിസ്റ്റ് ഗ്രേഡ് I, സീനിയർ ഒപ്‌റ്റോമെട്രിസ്റ്റ് എന്നീ തസ്തികകൾ 2:2:1 എന്ന അനുപാതത്തിൽ പ്രൊമോഷൻ നടത്തുന്ന ഗ്രേഡ് പ്രൊമോഷൻ തസ്തികകളാണ്. ഈ തസ്തികകൾ സ്റ്റേറ്റ് സബോർഡിനേറ്റ് വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. 25/02/1997 തീയതിലെ സ.ഉ.(അച്ചടി) നം.290/97/ധന, പ്രകാരം 1993 ലെ ശമ്പള പരിഷ്കരണ ഉത്തരവിലെ 2000-3200 എന്ന ശമ്പള സ്കെയിലിൽ തുടങ്ങുന്ന "സ്റ്റേറ്റ് സർവീസ്" വിഭാഗത്തിൽ ഉൾപ്പെടുന്ന തസ്തികകളാണ് ഗസറ്റഡ് തസ്തികയായി കണക്കാക്കിയിട്ടുള്ളത്.<br><br>ആരോഗ്യ വകുപ്പിൽ പാരാമെഡിക്കൽ വിഭാഗം തസ്തികകളിൽ സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട് 15/12/2022 ൽ ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചയിൽ ആരോഗ്യ വകുപ്പിലെ മേൽ പ്രകാരമുള്ള വിവിധ ഗ്രേഡ് പ്രെമോഷൻ നടത്തുന്ന സബോർഡിനേറ്റ് സർവീസ് തസ്തികകളിൽ ഗസറ്റഡ് തസ്തികയുടെ ശമ്പള സ്കെയിൽ മാത്രം കണക്കിലെടുത്ത് ഡിപ്പാർട്ട്മെന്റ് പ്രൊമോഷൻ കമ്മിറ്റി നടപടികൾ ഇല്ലാതെ ഗസറ്റഡ് തസ്തികയായി പ്രൊമോഷൻ നടത്തി വരുന്നതായി ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടർ ഒപ്‌റ്റോമെട്രിസ്റ്റ് തസ്തിക സംബന്ധിച്ചുള്ള സ്പെഷ്യൽ റൂൾ രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട പുതുക്കിയ പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ